## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4379** **13.11.2019-ൽ മറുപടിയ്ക്ക്**

### പട്ടികജാതി വിഭാഗം വിദ്യാർത്ഥികളെ ഉന്നതസ്ഥാനങ്ങളിൽ എത്തിക്കുന്നതിനായി പ്രാപ്തമാക്കുന്ന സ്ഥാപനങ്ങൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.വി.ജോയി | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ദേശീയ പ്രധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും, കോർപ്പറേറ്റ് മേഖലകളിൽ ജോലി ലഭിക്കുന്നതിനും പ്രാപ്തരാക്കുന്നതിന് ഏതെല്ലാം സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നൽകുന്നതിനും കോർപ്പറേറ്റ് മേഖലകളിൽ ജോലി ലഭിക്കുന്നതിനും പ്രാപ്തമാക്കുന്നതിന് വകുപ്പിനു കീഴിൽ പാലക്കാട് മെഡിക്കൽ കോളേജ്, പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS), സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫർമേഷൻ (CREST), അയ്യങ്കാളി മെമ്മോറിയൽ ഗവ:മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂൾ മുതലായ സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾ നിലവിലില്ലാത്ത ജില്ലകളിൽ ആയവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (CREST), ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവ:മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂൾ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS), പാലക്കാട് മെഡിക്കൽ കോളേജ് എന്നീ സ്ഥാപനങ്ങൾ സംസ്ഥാനത്തൊട്ടാകെയുള്ള വിദ്യാർത്ഥികളെ പരിഗണിച്ച് പരിശീലനം നൽകുന്ന സ്ഥാപനങ്ങളായതിനാൽ മറ്റ് ജില്ലകളിൽ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ